**നിയമനിർമ്മാണ കാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി.സ്പീക്കർ: 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും മറ്റൊരവസരത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുന്നു.

(പ്രസ്തുത ബിൽ മറ്റൊരു അവസരത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.)

2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്റ്റ്

കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: ചർച്ചയില്ല.

2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂൺ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.23-ന് പിരിഞ്ഞു.)

*******